# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2661

19/12/2012 - ൽ മറുപടിക്ക്

## കനോലി കനാലിലെ മാലിന്യം നീക്കം ചെയ്യൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) താനൂർ മണ്ഡലത്തിലെ കനോലി കനാലിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | : | (എ) ഉണ്ട്. |
| (ബി ഇതോടനുബന്ധമായി കിടക്കുന്ന തിരൂർ പുഴയുടെ വിഷാംശം കാരണം മത്സ്യങ്ങളും കന്നുകാലികളും ചത്തൊടു ങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : | (ബി) ഇല്ല. തിരൂർ പുഴയിൽ നിന്നുള്ള വിഷാംശങ്ങൾ കനോലി കനാലിന്റെ ഭാഗത്ത് എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇതൊഴിവാക്കാൻ എന്ത് മുൻകരുത ലാണ് കൈക്കൊണ്ടിട്ടുള്ളത് ; | : | (സി) ഈ പ്രദേശത്ത് കനോലി കനാൽ പരിസര പ്രദേശത്തുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നതു മൂലമാണ് കനാൽ മലിനമായിട്ടുള്ളത്. ഇത് തടയാനായി ബന്ധപ്പെട്ട പഞ്ചായത്ത് അധികാരി കൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) കനോലി കനാലിന്റെ മാലിന്യങ്ങൾ നീക്കം ചെയ്ത് ഇരുകരകളും സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ; | : | (ഡി) കോഴിക്കോട് കനോലി കനാലിന്റെ ഭാഗമായ ഇ.കെ.കനാലിന്റെ ചെയിനേജ് 403.820 കി.മീ. മുതൽ 412.62 കി.മീ. വരെയുള്ള ഭാഗത്തെ ചെളി വാരുന്നതിനും പാർശ്വഭിത്തി നിർമ്മാണത്തിനുമായി 241 ലക്ഷം രൂപയുടെ ടെണ്ടർ നടപടികൾ ആയിട്ടുണ്ട്. കൂടാതെ കോട്ടപ്പുറം-വടകര ഭാഗത്തു വരുന്ന കനോലി കനാലിന്റെ പൂർണ്ണമായ പുനരുദ്ധാരണ ത്തിന് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പി യ്ക്കുന്നതിലേയ്ക്കായി ഉൾനാടൻ ജലഗതാഗത ഡയറക്ടർ കൺവീനറായി 5 അംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. |
| (ഇ) കനോലി കനാലിലൂടെ, കൂട്ടായി ടൂറിസം കേന്ദ്രം മുതൽ ഒട്ടുമ്പുറം ടൂറിസം കേന്ദ്രം വരെ ജലഗതാഗത സൗകര്യമൊരുക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | : | (ഇ) ദേശീയ ജലപാതയുടെ പ്രവർത്തനങ്ങൾ ഇനിയും തുടങ്ങിയിട്ടില്ലാത്തതിനാൽ നിലവിൽ കൂട്ടായി ടൂറിസം കേന്ദ്രം മുതൽ ഒട്ടുമ്പുറം ടൂറിസം കേന്ദ്രം വരെയുള്ള ജലഗതാഗത പദ്ധതികൾക്കൊന്നും രൂപം കൊടുത്തിട്ടില്ല. |

Shem...

സെക്ഷൻ ഓഫീസർ